## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1082** **12.07.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികൾ മാരകമായ വിഷാംശം കലർന്നതാണെന്ന കണ്ടെത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പച്ചക്കറിയിലും മറ്റും വിഷാംശം കണ്ടെത്താൻ പരിമിതമായ സൗകര്യങ്ങളുള്ള സംസ്ഥാനത്ത് ഈ സാഹചര്യം നേരിടാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് തന്നെ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് 292 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും നല്ല കൃഷിമുറകൾ പാലിച്ചും കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിഷലിപ്ത പച്ചക്കറികൾ കണ്ടെത്തുന്നതിന് മാർക്കറ്റിൽ നിന്നും പഴം പച്ചക്കറി സാമ്പിളുകൾ വെള്ളയാണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയിലെയും ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഭക്ഷ്യ സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരും ശേഖരിച്ച് ലാബുകളിൽ പഴം പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത് പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നു. അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി പരമാവധി ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി വടത്തുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് പത്രങ്ങൾ വഴി പ്രാദേശിക ഭാഷയിൽ വിഷ രഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) കീടനാശിനി വിഷം കണ്ടെത്താൻ വകുപ്പിനു | (സി) എല്ലാ ജില്ലകളിലും ഓരോ ലാബുകൾ വീതം |

| | | | |
|---|---|---|---|
| | കീഴിൽ കൂടുതൽ ലാബുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | | ആരംഭിക്കുവാൻ കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിവരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ഡി) | സ്വകാര്യ ലാബുകളിൽ താരതമ്യേന പരിശോധനാച്ചെലവുകൾ കൂടുതലായതിനാൽ ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**